This Question Paper consists of 30 questions 7 printed pages.

Roll No.
**റോൾ നമ്പർ**

**Code No. 65/S/A/MM**
**കോഡ് നമ്പർ**
**Set / സെറ്റ്** **A**

# MALAYALAM
# മലയാളം
# (232)

Day and Date of Examination ..........................................................................
(പരീക്ഷാ ദിവസവും തീയതിയും)

Signature of Invigilators 1. ..........................................................................
(ഇൻവിജിലേറ്ററിന്റെ ഒപ്പ്)
2. ..........................................................................

**പൊതുവായ നിർദ്ദേശങ്ങൾ :**

1. പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.
2. ആദ്യ പേജിൽ പ്രിന്റു ചെയ്തിരിക്കുന്ന വിവരങ്ങൾ ക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിന്റു ചെയ്തിട്ടുണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.
3. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് (A), (B), (C), (D) എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തര പുസ്തകത്തിൽ എഴുതേണ്ടതാണ്.
4. ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.
5. ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചയിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.
6. ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ 65/S/A/MM സെറ്റ് A എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : 3 മണിക്കൂർ ] [ മാർക്ക് : 100

**നിർദ്ദേശങ്ങൾ** :

(i) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(ii) ഒന്നു മുതൽ പതിനൊന്നു വരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

**1.** സഞ്ജയന്റെ അഭിപ്രായത്തിൽ കുട്ടികളുടെ സവിശേഷതയെന്ത്? 1

(A) അസൂയ

(B) നിഷ്കളങ്കത

(C) കുശുമ്പ്

(D) കുസൃതി

**2.** ഗോപസ്ത്രീകൾ തങ്ങളുടെ ദു:ഖകാരണം പങ്കുവയ്ക്കുന്നത് ആരോടാണ്? 1

(A) കുന്ദത്തോട്

(B) പിച്ചകത്തോട്

(C) കൈതയോട്

(D) അത്തിയോട്

**3.** സീതയ്ക്ക് ലജ്ജ തോന്നിയതെപ്പോൾ? 1

(A) ശ്രീരാമന്റെ മുന്നിൽ വരണമാല്യവുമായെത്തിയപ്പോൾ

(B) ശ്രീരാമന്റെ പേര് ആദ്യമായി കേൾക്കുമ്പോൾ

(C) ശ്രീരാമന്റെ ദൃഷ്ടി തന്നിലേക്കായപ്പോൾ

(D) ശ്രീരാമൻ ത്രൈയമ്പകം വില്ല് കുലച്ചപ്പോൾ

**4.** ദമ്പതികളുടെ കോപത്തെപ്പറ്റി ലേഖകൻ സൂചിപ്പിച്ചതെന്ത് ? 1

(A) കലഹത്തിനു കാരണമായിത്തീരുന്നു.

(B) മക്കൾക്ക് വെറുപ്പുണ്ടാക്കുന്നു

(C) മറ്റുള്ളവരുടെ അപ്രീതിക്ക് കാരണമാവുന്നു.

(D) ആത്മനിയന്ത്രണം നഷ്ടപ്പെടുന്നു.

**5.** താഴെ കൊടുത്തിരിക്കുന്നതിൽ അനൗപചാരിക കത്തിൽപെടുന്നത് ഏത്? 1

(A) വാണിജ്യപരമായ കത്ത്

(B) അപേക്ഷകൾ

(C) ആഫീസ് സംബന്ധമായ കത്ത്

(D) സുഹൃത്തിനുള്ള കത്ത്

**6.** തെക്കേ ആഫ്രിക്കയിലെ കലഹാരിയുടെ സവിശേഷതയെന്ത്? 1

(A) പുരാവസ്തു ഖനനം നടത്തിയ സ്ഥലം

(B) മൃഗാവശിഷ്ടങ്ങൾ കണ്ടെത്തിയ സ്ഥലം

(C) ശാസ്ത്രസമ്മേളനം ആദ്യം നടത്തിയ സ്ഥലം

(D) പുരാവസ്തു മ്യൂസിയം സ്ഥാപിക്കപ്പെട്ട സ്ഥലം

**7.** കേരളത്തിന്റേതല്ലാത്ത ഏതുമരമാണ് ലേഖകൻ ബാലിദ്വീപിൽ കണ്ടത്? 1

(A) ഒലീവ്

(B) മാങ്കോസ്റ്റീൻ

(C) പൈൻ

(D) ആപ്പിൾ

**8.** ആദിമകാവ്യം എന്നറിയപ്പെടുന്ന കൃതി ഏത്? 1

(A) ഭഗവത്ഗീത

(B) മഹാഭാരതം

(C) ബൈബിൾ

(D) രാമായണം

**9.** രാവണന്റെ ഭാവം കണ്ടുരസിച്ചതാര്? 1

(A) ബാലി

(B) സുഗ്രീവൻ

(C) നാരദൻ

(D) ശ്രീരാമൻ

**10.** 'മുഖചന്ദ്രൻ' എന്നത് വിഗ്രഹിച്ചെഴുതേണ്ടതെങ്ങനെ ? 1

(A) മുഖമുള്ള ചന്ദ്രൻ

(B) മുഖത്തെ ചന്ദ്രൻ

(C) മുഖമാകുന്ന ചന്ദ്രൻ

(D) മുഖത്തിലെ ചന്ദ്രൻ

**11.** 'പൂങ്കുല' എന്നത് പിരിച്ചെഴുതേണ്ടതെങ്ങനെ? 1

(A) പൂ+ങ്കുല

(B) പൂ+കുല

(C) പൂവ്+കുല

(D) പൂവ്+ങ്കുല

**12.** അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക 2+2

*(i)* മനംമടുക്കുക

*(ii)* സവിധം

**13.** കുയിലുകൾപാട്ടു പഠിച്ചത് എവിടെനിന്നാണെന്നാണ് ഗോപികമാർ പറയുന്നത്? 2

**14.** പുസ്തകവായനയിൽ കുറിപ്പുകൾ തയ്യാറാക്കേണ്ടതെങ്ങനെ? 2

**15.** അനൗപചാരിക കത്തുകളിലെ അഭിസംബോധനയ്ക്ക് രണ്ട് ഉദാഹരണം എഴുതുക? 2

**16.** ഭൂമിയിലെ ഓരോ മണൽത്തരിക്കും അനേകമനേകം കഥകൾ പറയാനുണ്ടാവുമെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട്? വ്യക്തമാക്കുക. 3

**17.** വള്ളത്തോളിന്റെ അഭിപ്രായത്തിൽ മലയാളഭാഷ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാം? 3

**18.** അമ്മ തയ്യാറാക്കി വച്ചിരുന്ന നെയ്പ്പായസം അമ്മയുടെ മരണാനന്തര ചടങ്ങിനു ശേഷം കുട്ടികളെ കഴിക്കാൻ അച്ഛൻ അനുവദിച്ചത് എന്തുകൊണ്ട്? 3

**19.** 1918- നു ശേഷം ശ്രീനാരായണഗുരുവിന്റെ ജീവിതത്തിലുണ്ടായ പ്രധാന സംഭവങ്ങൾ എന്തെല്ലാം? 3

**20.** ഗോപസ്ത്രീകളുടെ കൃഷ്ണപ്രേമം ഉന്മാദാവസ്ഥയോളം എത്തിയതായി കവി സൂചിപ്പിക്കുന്നതെങ്ങനെയെല്ലാം വ്യക്തമാക്കുക? 3

**21.** കെ.പി. കേശവമേനോന്റെ അഭിപ്രായത്തിൽ കുഞ്ഞുങ്ങളെ വളർത്തേണ്ടതെങ്ങനെ? വിശദമാക്കുക. 4

**22.** നിയാണ്ടർതാൽ മനുഷ്യർക്കും ഇന്നത്തെ മനുഷ്യർക്കും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളാണ് ലേഖകൻ ചൂണ്ടിക്കാണിക്കുന്നത്? വിവരിക്കുക. 4

**23.** ക്ഷേത്രത്തിലേക്ക് വരുന്ന ബാലി സ്ത്രീകളുടെ ഉത്സവ വേഷത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക? 4

**24.** അച്ഛൻ ഇല്ലാത്ത അപൂർവ്വ ദിവസങ്ങൾ തനിക്ക് ഓണത്തിരുവോണം പോലെയാണെന്ന് വി.ടി. പറയാൻ കാരണമെന്ത്? വിശദീകരിക്കുക. 5

**25.** എഴുത്തച്ഛന്റെ കവിതയുടെ പ്രത്യേകതകൾ 'സീതാസ്വയംവര'ത്തെ ആസ്പദമാക്കി വിവരിക്കുക. 5

**26.** സഞ്ചാര സാഹിത്യത്തിൽ കേരളീയത ധ്വനിപ്പിക്കുന്നതിന് ഉത്തമോദാഹരണമാണ് എസ്.കെ. പൊറ്റെക്കാടിന്റെ 'ഉൾനാട്ടിലെ ഉത്സവം' എന്ന പാഠഭാഗം വിശദമാക്കുക. 5

**27.** 'നെയ്പ്പായസം' എന്ന കഥയിലെ അച്ഛനെ അടിസ്ഥാനമാക്കി ഒരു കഥാപാത്ര നിരൂപണം തയ്യാറാക്കുക. 5

**28.** താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിന് പരാവർത്തനം തയ്യാറാക്കുക. 10

പൂക്കുന്നിതാമുല്ല; പൂക്കുന്നിലഞ്ഞി
പൂക്കുന്നുതേന്മാവു, പൂക്കുന്നശോകം
വായ്ക്കുന്നു വേലിക്കു വർണങ്ങൾ പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾ പോലെ
എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായൂ;
ഉല്ലാസമീ നീണ്ട കൂകൂരവത്താ-
ലെല്ലാർക്കു മേകുന്നിതേ കോകിലങ്ങൾ

**29.** ഗദ്യഭാഗം മൂന്നിലൊന്നായി സംഗ്രഹിക്കുക. 10

സുന്ദരകലകളുടെ കേളീരംഗമാണ് കേരളം. ഒരു ഭാഗത്ത് അത്യുന്നതങ്ങളായ പശ്ചിമഘട്ട പർവ്വതനിരകൾ. മറുഭാഗത്ത് അപാരമായ മഹാസമുദ്രം. അവയ്ക്കിടയിൽ സസ്യശ്യാമളമായ കേരളക്കര കണ്ണും കരളും കുളിർപ്പിച്ചുകൊണ്ട് തെക്കു വടക്കു നീണ്ടുകിടക്കുന്നു. കുന്നും മലയും കാടും കായലും തോടും പുഴയും പാടവും പറമ്പും ഇടകലർന്നു കിടക്കുന്ന ഒരു നാട് - കേരളത്തെ പോലെ ഇത്രമാത്രം സൗന്ദര്യം കളിയാടുന്ന ഒരു നാട് വേറെ എവിടെയുണ്ട്? ദൃശ്യങ്ങളെന്നും ശ്രാവ്യങ്ങളെന്നും രണ്ടുവകയാണ് സുന്ദരകലകൾ. കണ്ടും കേട്ടും ആലോചിച്ചും ആനന്ദിക്കാൻ വകയുണ്ടാക്കുക എന്നതാണ് സുന്ദരകലകളുടെ സാമാന്യ സ്വഭാവം. നൃത്തം, അഭിനയം, ചിത്രം. ശില്പം എന്നിവ ദൃശ്യകലകളും വാദ്യവും സംഗീതവും സാഹിത്യവും ശ്രാവ്യകലകളുമാണ്. എന്നാൽ ഇവയെല്ലാം തമ്മിൽ ആവും വിധം യോജിപ്പിച്ചു പ്രയോഗിക്കുന്നതിൽ എങ്ങും അളവറ്റ താൽപ്പര്യം കാണാം. തന്മൂലം തരമുള്ളേടത്തെല്ലാം സുന്ദരകലകളെ തമ്മിലിണക്കി പ്രയോഗിക്കുന്നതിൽ കേരളീയർ പ്രത്യേകം ആദരം പ്രദർശിപ്പിക്കുന്നു.

**30.** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. 12

*(i)* ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം വിദ്യാഭ്യാസത്തിൽ

*(ii)* മാതൃഭാഷയും മലയാളിയും

*(iii)* മതേതരത്വവും വിദ്യാഭ്യാസവും

★ ★ ★